"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സേവന കാലാവധി അവസാനിക്കുന്ന കരാർ ജീവനക്കാരെ കോവിഡ്-19 രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ നടപ്പ് സാമ്പത്തിക വർഷം മുഴുവൻ സേവനത്തിൽ തുടരാൻ അനുവദിച്ച ഉത്തരവിൽ സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1496/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 09/08/2021

---

പരാമർശം:- 1. സ.ഉ.(സാധാ) നം.1149/2021/ത.സ്വ.ഭ.വ തീയതി 15.06.2021

2. ബഹു. സേവ്യർ ചിറ്റലപ്പിള്ളി എം.എൽ.എ. (വടക്കാഞ്ചേരി) മുഖേന കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 26.07.2021-ലെ അപേക്ഷ

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ കോവിഡ്-19 രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ, ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാരെ ഭരണ സമിതികൾ പിരിച്ചുവിടുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട് ഉത്തരവ് തീയതിയിൽ ജോലിചെയ്തുവരുന്ന ജീവനക്കാരിൽ 2022 മാർച്ച് 31-നു മുൻപായി കരാർ കാലാവധി അവസാനിക്കുന്ന എല്ലാ ജീവനക്കാരെയും 2022 മാർച്ച് 31 വരെ സേവനത്തിൽ തുടരാൻ അനുവദിക്കേണ്ടതാണെന്ന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2. മേൽ പറഞ്ഞ സർക്കാർ ഉത്തരവ് തീയതിയായ 15.06.2021-ന് മുൻപായി കരാർ കാലാവധി അവസാനിച്ച ജീവനക്കാരുടെ ഒഴിവിൽ പുതിയ നിയമനം നടത്താത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കരാർ കാലാവധി അവസാനിച്ച ജീവനക്കാർക്ക് തിരികെ ജോലിയിൽ പ്രവേശിക്കാവുന്ന വിധത്തിൽ 01.04.2021 മുതൽ പ്രാബല്യം നൽകി ടി ഉത്തരവിൽ സ്പഷ്ടീകരണം നൽകണമെന്ന് പരാമർശം (2) പ്രകാരം കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം (1) ഉത്തരവിൽ ചുവടെ പറയും പ്രകാരം സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു.

4. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ, 01.04.2021 മുതൽ 14.06.2021 വരെ ഉള്ള തീയതികളിൽ കരാർ കാലാവധി അവസാനിച്ച ജീവനക്കാരുടെ ഒഴിവിലേക്ക് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ നിലവിൽ പുതിയ നിയമനം നടത്തിയിട്ടില്ലെങ്കിൽ കരാർ കാലാവധി അവസാനിച്ച പ്രസ്തുത ജീവനക്കാർക്ക് പുനർ നിയമനം നൽകി അവർക്ക് പരാമർശം (1) ഉത്തരവിന്റെ ആനുകൂല്യം

അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും( പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
ശ്രീ.സേവ്യർ ചിറ്റലപ്പിള്ളി എം.എൽ.എ. (വടക്കാഞ്ചേരി) (ആവരണക്കത്ത് സഹിതം)
പ്രസിഡന്റ്/സെക്രട്ടറി, കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (ഐ. & പി.ആർ.ഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 09-08-2021 12:42:31
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം & എക്സൈസ് വകുപ്പ് മന്ത്രിയുടെ
പ്രൈവറ്റ് സെക്രട്ടറിയ്ക്ക്